പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2737. 19.6.2014 ൽ
മറുപടിക്ക്

കോളേജ് ലൈബ്രറികളിലേക്ക് പുസ്തകം വാങ്ങുന്നതിലെ അപാകതകൾ

ചോദ്യം | മറുപടി
ശ്രീ.സി.പി.മുഹമ്മദ്

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ യു.ജി.സി.ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത ഫണ്ടും സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റും ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുമ്പോൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളെ ബോധപൂർവ്വം ഒഴിവാക്കി വരുന്നതിനെക്കുറിച്ചന്വേഷിക്കാമോ ; | (എ) കേന്ദ്രാവിഷ്കൃത ഫണ്ടുംസംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റും ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുമ്പോൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളെ ബോധപൂർവ്വം ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിക്കുന്നതാണ്. |
| (ബി) | വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ഗ്രന്ഥങ്ങൾ വാങ്ങുന്നതിലുപരി ലൈബ്രേറിയൻമാരുടെയും ലൈബ്രറികളുടെ ചുമതലയുള്ളവരുടെയും താൽപ്പര്യങ്ങൾക്കനുസൃതമായി പുസ്തകങ്ങൾ സ്വകാര്യ പ്രസാധകരിൽ നിന്നു മാത്രം വാങ്ങുന്ന അശാസ്ത്രീയ പ്രവണതകൾക്കറുതി വരുത്താൻ നടപടി സ്വീകരിക്കാമോ; ? | (ബി) യും (സി) യും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ചും രാഷ്ട്രീയത്തിലും ഭരണതലത്തിലും സംഭാവന നൽകിയവരെക്കുറിച്ചുമുള്ള പുസ്തകങ്ങൾ കോളേജ് ലൈബ്രറികളിൽ വാങ്ങുവാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകാമോ ? | |

സെക്ഷൻ ഓഫീസർ